# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ലോകത്തിലെ പ്രശ്നങ്ങൾക്ക് സുവിശേഷത്തിൽ പരിഹാരമുണ്ട് :ഫ്രാൻസിസ് പാപ്പാ



നിന്ദയുടെ നരഹത്യകളും ഒഴിവാക്കി മാതൃകാപരമായ സാമ്പത്തിക സംവിധാനം കെട്ടിപ്പടുക്കുന്നതിനുള്ള താഴെത്തട്ടിലുള്ള സംഘടനകളുടെ ശ്രമങ്ങളെ പാപ്പ പ്രോത്സാഹിപ്പിച്ചു. തനിക്ക് സമ്പൂർണ്ണമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ സംവിധാനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ അറിയില്ല എന്ന് സാന്താക്രൂസിൽ വച്ചു നടന്ന പ്രസിദ്ധമായ പ്രസ്ഥാനങ്ങളുടെ ലോകമീറ്റിങ്ങിൽ അഭിസംബോധന ചെയ്ത് സംസാരിക്കവെ ഫ്രാൻസിസ് പാപ്പ പറഞ്ഞു. ഇന്നത്തെ സംവിധാനത്തിലുള്ള പ്രശ്നങ്ങൾ വ്യക്തമാണെന്നും അവയ്ക്കു വേണ്ടിയുള്ള പരിഹാരങ്ങളെക്കുറിച്ച് സുവിശേഷത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും പാപ്പ പറഞ്ഞു.

ഇന്നത്തെ ലോക സാമ്പത്തിക സംവിധാനം മനുഷ്യനും ഭൂമിക്കും താങ്ങാനാവാത്ത നിലയിൽ കാര്യങ്ങളെത്തിച്ചിരിക്കുന്നു. കർഷകർക്കും തൊഴിലാളികൾക്കും കൂട്ടായ്മകൾക്കും ജനങ്ങൾക്കും ഇത് താങ്ങാനാവുന്നില്ല. വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സി പറയുന്നതുപോലെ നമ്മുടെ സഹോദരിയും അമ്മയുമായ ഭൂമിക്കുപോലും താങ്ങാനാവുന്നില്ലയെന്ന് പാപ്പ പറഞ്ഞു. ഇന്നത്തെ ലോകം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഭൂമിയെ സംരക്ഷിക്കുക എന്നതാണ്.

നമ്മുടെ ലോകം ഇന്ന് ഉപയോഗശൂന്യമായ വസ്തുക്കൾ കൊണ്ട് നിറയുകയാണ്. പാപ്പ കൂട്ടിച്ചേർത്തു. അൻപത്തിയഞ്ചു മിനിറ്റ് നീണ്ടുനിന്ന പ്രസംഗത്തിന് ശേഷം പാപ്പ ജനങ്ങളോട് പ്രാർത്ഥനാ സഹായം യാചിച്ചു.